# കേരള സർക്കാർ

ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്
കാസർകോട്

ജൂൺ 18

JUNE 18

2019

*1194 മിഥുനം 3 ,* ചൊവ്വ

# പത്രക്കുറിപ്പ്-1



www.prd.kerala.gov.in dioksgd@gmail.com ഫോൺ 04994 255145


## വായന പക്ഷാചരണം : ജില്ലാതല ഉദ്ഘാടനം ഇന്ന് കാസർകോട്

ജില്ലാ ലൈബ്രറി കൗൺസിലിന്റേയും പി എൻ പണിക്കർ ഫൗണ്ടേഷന്റേയും ഇൻഫർമേഷൻ പബ്ലിക് റിലേഷൻസ് വകുപ്പിന്റേയും നേതൃത്വത്തിൽ ജില്ലയിലെ സ്കൂളുകൾ,കോളേജ്,ലൈബ്രറി, ഇതര സാംസ്കാരിക സ്ഥാപനങ്ങൾ എന്നിവയെ പങ്കെടുപ്പിച്ചുകൊണ്ട് നടത്തുന്ന വായന പക്ഷാചരണത്തിന്റെ ജില്ലാതല ഉദ്ഘാടനം ഇന്ന്(19)രാവിലെ ഒൻപതിന് കാസർകോട് ഗവൺമെന്റ് ഹയർസെക്കൻഡറി സ്കൂളിൽ ജില്ലാ കളക്ടർ ഡോ.ഡി സജിത് ബാബു നിർവഹിക്കും. വായനാദിനാചരണത്തിന്റെ ഭാഗമായി അനുസ്മരണ പ്രഭാഷണങ്ങൾ, വായനാ മത്സരം, ലഹരി വിരുദ്ധ സദസ്സുകൾ, പുസ്തക പ്രദർശനം, എഴുത്തുപ്പെട്ടിയുടെ ഉദ്ഘാടനം, അനുമോദന സദസ്സ് തുടങ്ങി വിവിധ പരിപാടികളാണ് സംഘടിപ്പിക്കുന്നത്.

ജില്ലാതല ഉദ്ഘാടന പരിപാടിയിൽ കാസർകോട് നഗരസഭ ചെയർപേഴ്സൺ ബീഫാത്തിമ ഇബ്രാഹിം അധ്യക്ഷയാകും. പ്രൊഫ.കെ പി ജയരാജൻ പി എൻ പണിക്കർ അനുസ്മരണ പ്രഭാഷണം നടത്തും. വിദ്യാർത്ഥിനി ടി പി നബീസത്ത് മിസിരിയ പുസ്തകാസ്വാദനം നടത്തും. കാസർകോട് ഡി ഇ ഒ നന്ദികേശൻ,

എസ് എസ് എ ജില്ലാ പ്രൊജക്ട് ഓഫീസർ പി പി വേണുഗോപാൽ , ഡയറ്റ് പ്രിൻസിപ്പൽ ഇൻചാർജ് കെ രാമചന്ദ്രൻ നായർ, സ്കൂൾ പ്രിൻസിപ്പൽ ഗീത ജി തോപ്പിൽ,ജില്ലാ ലൈബ്രറി കൗൺസിൽ പ്രസിഡന്റ് ഡോ.പി പ്രഭാകരൻ, സെക്രട്ടറി പി വി കെ പനയാൽ  തുടങ്ങിയവർ പങ്കെടുക്കും. തുടർന്ന് സി എം വിനയചന്ദ്രൻ, വി ശ്രീനിവാസൻ തുടങ്ങിയവർ കവിതാവതരണം നടത്തും. ഉദയൻ കുണ്ടംകുഴി യുടെ നേതൃത്വത്തിൽ നാടൻപ്പാട്ടും അരങ്ങേറും. സ്കൂളുകൾ കേന്ദ്രീകരിച്ചുള്ള വായ നാമത്സരം ഹൈസ്കൂൾ,യു പി തലത്തിൽ ജൂലൈ നാലിന് നടത്തും.പക്ഷാചരണ ത്തിന്റെ ഭാഗമായി ലൈബ്രറികൾ കേന്ദ്രീകരിച്ചും വിവിധ പരിപാടികൾ സംഘടിപ്പി ക്കുന്നു.

## കാവ്യോത്സവം

## കവിതാലാപന മത്സരം

വായന പക്ഷാചരണത്തിന്റെ ഭാഗമായി ജില്ലാ ഇൻഫർമേഷൻ ഓഫീസിന്റെ ആഭിമുഖ്യത്തിൽ ജില്ലാതല വായന പക്ഷാചരണ സംഘാടക സമിതിയുമായി ചേർന്ന് കാവ്യോത്സവം - കവിതാലാപന മത്സരം സംഘടിപ്പിക്കുന്നു. വയലാർ-പി ഭാസ്കരൻ - ഒ എൻ വി എന്നീ വിഖ്യാത കവികളുടെ കവിതകൾ അവതരിപ്പിക്കാം. സർക്കാർ ജീവനക്കാർ,  കോളേജ് വിദ്യാർത്ഥികൾ, എന്നിവർക്കായി ഈ മാസം 26 ന് രാവിലെ 10.30 ന് കാസർകോട് കളക്ടറേറ്റ് കോൺഫറൻസ് ഹാളിലാണ് മത്സരം. താത്പര്യമുള്ളവർ ഈ മാസം 22 നകം dioksgd@gmail.com എന്ന ഇമെയിൽ വിലാസത്തിൽ പേര്; സ്ഥാപനത്തിന്റെ വിലാസം, തസ്തിക (ഗവൺമെന്റ് ജീവനക്കാർ ) മൊബൈൽ നമ്പർ എന്നിവ സഹിതം രജിസ്റ്റർ ചെയ്യണം .ഫോൺ -04994 255145

## നീലേശ്വരത്ത് കമ്മ്യൂണിറ്റി ഹാളും തുടർവിദ്യാകേന്ദ്രവും സജ്ജമായി

നീലേശ്വരം നഗരസഭയിലെ കരുവാച്ചേരിയിൽ കമ്മ്യൂണിറ്റി ഹാളും തുടർവിദ്യാകേന്ദ്രവും സജ്ജമായി. നഗരസഭയുടെ വാർഷിക പദ്ധതിയിലുൾപ്പെടുത്തി 25 ലക്ഷം രൂപ ചെലവഴിച്ചാണ് ഇരുനില കെട്ടിടം പ്രദേശ നിവാസികൾക്ക് സാമൂഹ്യ-കലാ-സാംസ്കാരിക പ്രവർത്തനങ്ങൾക്കും തുടർ വിദ്യാകേന്ദ്രത്തിനുമായി നീലേശ്വരം നഗരസഭ ഒരുക്കിയിരിക്കുന്നത്. കരുവാച്ചേരിയിലെ കമ്മ്യൂണിറ്റി ഹാൾ പ്രവർത്തനസജ്ജമായതോടുകൂടി നീലേശ്വരം നഗരസഭയിലെ എല്ലാ എസ്.സി. കോളനികളിലും കമ്മ്യൂണിറ്റി ഹാൾ സംവിധാനം യാഥാർത്ഥ്യമായി.  കരുവാച്ചേരിയിലെ കമ്മ്യൂണിറ്റി ഹാളിൽ  തനതുകലകൾക്കും

സുകുമാര കലകൾക്കും പരിശീലനം നൽകുന്നതിനുള്ള പദ്ധതികൾ ആവിഷ്കരിക്കുന്നുണ്ട് .ഇവിടെ രൂപീകരിക്കുന്ന കമ്മ്യൂണിറ്റി ഹാൾ സംരക്ഷണ സമിതി ഇതു സംബന്ധിച്ച് ഉചിതമായ തീരുമാനമെടുക്കും.

കമ്മ്യൂണിറ്റി ഹാളിന്റെ രണ്ടാനിലയിൽ സജ്ജമാക്കിയിരിക്കുന്ന തുടർ വിദ്യാകേന്ദ്രത്തിൽ തുടർസാക്ഷരതാ പ്രവർത്തനങ്ങളോടൊപ്പം ഹൈസ്കൂൾ വിദ്യാർത്ഥികൾക്ക് പഠനവീട് സൗകര്യവും ഏർപ്പെടുത്തും. കൂടാതെ പി.എസ്.സി. തുടങ്ങിയ മത്സര പരീക്ഷകൾക്ക് തയ്യാറെടുക്കുന്ന ഉദ്യോഗാർത്ഥികൾക്ക് തീവ്ര സൗജന്യപരിശീലനപരിപാടിയും ഈ കേന്ദ്രത്തിൽ ഒരുക്കും. കമ്മ്യൂണിറ്റി ഹാളിൽ ഇതിനാവശ്യമായ ഫർണിച്ചറുകളും, ടെലിവിഷൻ, മൈക്ക് സെറ്റ്, കസേര, മേശ, ഷെൾഫ് തുടങ്ങിയവും അടുത്തുതന്നെ നഗരസഭ ലഭ്യമാക്കും.

കമ്മ്യൂണിറ്റി ഹാളും തുടർവിദ്യാകേന്ദ്രവും എം. രാജഗോപാലൻ, എം.എൽ.എ. തുറന്നുകൊടുത്തു. നഗരസഭാ ചെയർമാൻ പ്രൊഫ: കെ.പി. ജയരാജൻ അധ്യക്ഷത വഹിച്ചു. വൈസ് ചെയർപേഴ്സൺ വി. ഗൗരി, സ്ഥിരം സമിതി അധ്യക്ഷൻമാരായ എ.കെ. കുഞ്ഞികൃഷ്ണൻ, പി.പി. മുഹമ്മദ് റാഫി, പി.എം. സന്ധ്യ, പി. രാധ, കൗൺസിലർമാരായ കെ.വി. ഉഷ, കെ.വി. രാധ,ജില്ലാ പഞ്ചായത്ത് മുൻ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ കെ. ബാലകൃഷ്ണൻ, കൊട്ടറ വാസുദേവ്, കെ. കേശവൻ, കെ. സദാശിവൻ, ടി. വിജയൻ തുടങ്ങിയവർ സംസാരിച്ചു. മുനിസിപ്പൽ എഞ്ചിനീയർ കെ. ഗണേശൻ റിപ്പോർട്ട് സമർപ്പിച്ചു. വാർഡ് കൗൺസിലർ പി.കെ. രതീഷ് സ്വാഗതവും ടി.വി. രാജൻ നന്ദിയും പറഞ്ഞു.തുടർന്ന് കലാപരിപാടികളും അരങ്ങേറി.

## ഫോട്ടോ അടിക്കുറിപ്പ്(നീലേശ്വരം)

നീലേശ്വരം നഗരസഭയിലെ കരുവാച്ചേരിയിലെ കമ്മ്യൂണിറ്റി ഹാളും തുടർവിദ്യാകേന്ദ്രവും എം. രാജഗോപാലൻ എം.എൽഎ ഉദ്ഘാടനം ചെയ്യുന്നു.

## യോഗാസന പരിശീലനം

അന്താരാഷ്ട്ര യോഗദിനത്തോടനുബന്ധിച്ച് കൃഷിയിലൂടെ ആരോഗ്യം എന്ന വിഷയത്തിൽ ക്ലാസും 'ഒരു മണിക്കൂർ യോഗ, ആയുസുനീളും ആരോഗ്യം' എന്ന നിത്യ യോഗാസന പദ്ധതി പരിചയവും കാസർകോട് നഗരസഭാ കൃഷിഭവനിൽ ഈ മാസം 21 ന് രാവിലെ ഒൻപതിന് നടത്തുന്നു. യോഗാഭ്യാസത്തിൽ പങ്കെടുക്കുന്നവർ പ്രഭാതഭക്ഷണം കഴിക്കാതിരിക്കുകയോ കഴിച്ച് മൂന്ന് മണിക്കൂറെങ്കിലും ഉദരവിശ്രമം നൽകുകയോ വേണം.വിരിയും വ്യായാമ വസ്ത്രങ്ങളും കരുതണം.കൂടുതൽ വിവര ങ്ങൾക്ക്- 9383472310

## സന്നദ്ധ പ്രവര്‍ത്തരുടെ പാനലിലേക്ക് അപേക്ഷ ക്ഷണിച്ചു

സാമൂഹ്യ നീതി വകുപ്പിന് കീഴിലുള്ള ജില്ലാ പ്രൊബേഷന്‍ ഓഫീസ് വഴി നടപ്പിലാക്കി വരുന്ന നേര്‍വഴി പദ്ധതിയുടെ ഭാഗമായി യുവകുറ്റാരോപീതര്‍, വിചാരണ തടവുകാര്‍, മുന്‍കുറ്റവാളികള്‍ തുടങ്ങിയവര്‍ക്കിടയില്‍ സാമൂഹിക,മാനസിക ഇടപെടലുകള്‍ നടത്തുന്നതിന് താല്‍പര്യമുള്ള സന്നദ്ധ പ്രവര്‍ത്തകരുടെ പാനലിലേക്ക് അപേക്ഷ ക്ഷണിച്ചു. സര്‍ക്കാര്‍, സഹകരണ സര്‍വ്വീസുകളില്‍ നിന്നും വിരമിച്ചവര്‍, സാമൂഹ്യ പ്രവര്‍ത്തകര്‍, സോഷ്യല്‍ വര്‍ക്കില്‍ ബിരുദാനന്തര ബിരുദം കഴിഞ്ഞവര്‍ തുടങ്ങിയവര്‍ക്ക് അപേക്ഷിക്കാം. അപേക്ഷ ഫോറം സിവില്‍ സ്റ്റേഷനിലുള്ള ജില്ലാ പ്രോബേഷന്‍ ഓഫീസില്‍ നിന്നും ലഭിക്കും. ഈ മാസം 30 ന് വൈകുന്നേരം നാലു വരെ അപേക്ഷിക്കാം. കൂടുതല്‍ വിവരങ്ങള്‍ക്ക് 04994-255366,9747019509

## പരാതി സമര്‍പ്പിക്കണം

ജില്ലാ പ്രവാസി പരാതി പരിഹാര കമ്മിറ്റിയുടെ യോഗം ഈ മാസം 27ന് രാവിലെ പതിനൊന്നിന് ജില്ലാ കലക്ടറുടെ ചേംബറില്‍ ചേരും.അതിലേക്കുള്ള പരാതികള്‍ ഈ മാസം 25 നകം ddpksgd@gmail.com എന്ന ഇ-മെയില്‍ വിലാസത്തിലോ അല്ലെങ്കില്‍ കണ്‍വീനര്‍, ജില്ലാ പ്രവാസി പരാതി പരിഹാര കമ്മിറ്റി ആന്‍ഡ് പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടര്‍, സിവില്‍ സ്റ്റേഷന്‍, കാസര്‍കോട് എന്ന വിലാസത്തിലോ സമര്‍പ്പിക്കണം.ഈ മാസം 25 ന് ശേഷം ലഭിക്കുന്ന പരാതികള്‍ അടുത്തയോഗത്തില്‍ മാത്രമേ പരിഗണിക്കുകയുള്ളൂ.

## ജൂനിയര്‍ എഞ്ചിനീയര്‍ അഭിമുഖം

ജില്ലാ നിര്‍മ്മിതി കേന്ദ്രത്തിലെ ജൂനിയര്‍ എഞ്ചിനീയര്‍( ഇലക്ട്രിക്കല്‍) തസ്തികയിലേക്ക് (ഒരു ഒഴിവ്) നിയമനം നടത്തുന്നതിന് ജൂലൈ അഞ്ചിന് അഭിമുഖം നടത്തും.കാഞ്ഞങ്ങാട് ആര്‍.ഡി.ഒ ഓഫീസില്‍ രാവിലെ 10.30 നാണ് അഭിമുഖം.അംഗീകൃത യൂണിവേഴ്സിറ്റിയില്‍നിന്നോ, ടെക്നിക്കല്‍ എഡ്യൂക്കേഷന്‍ ഡിപ്പര്‍ട്ട്മെന്റില്‍ നിന്നോ ലഭിച്ച ഇലക്ട്രിക്കല്‍ എന്‍ജിനിയറിങ് ഡിപ്ലോമ/ബിരുദം, ആണ് വിദ്യാഭ്യാസ യോഗ്യത. പ്രായപരിധി 35 വയസ്. കൂടുതല്‍ വിവരങ്ങള്‍ക്ക് ജില്ലാ നിര്‍മ്മിതികേന്ദ്രം, ആനന്ദാശ്രമം, പി.ഒ.671531, ഫോണ്‍- 0467 2202572.

# സീറ്റ് ഒഴിവ്

കാസർകോട് സർക്കാർ അന്ധവിദ്യാലയം കോമ്പൗണ്ടിൽ പ്രവർത്തിക്കുന്ന ഗവൺമെന്റ് സ്പെഷ്യൽ ടീച്ചേഴ്സ് ട്രെയിനിംഗ് സെൻററിൽ ഡി.എഡ് സ്പെഷ്യൽ എജുക്കേഷൻ കോഴ്സിൽ സംവരണ വിഭാഗത്തിൽ സീറ്റ് ഒഴിവുണ്ട്. റീഹാബിലിറ്റേഷൻ കൗൺസിൽ ഓഫ് ഇന്ത്യ നടത്തിയ ഓൾ ഇന്ത്യ അഭിരുചി പരീക്ഷയിൽ 20 മാർക്കിൽ കുറയാതെ വിജയിച്ച എസ്. സി, എസ്.ടി, പി.എച്ച് വിഭാഗത്തിൽപ്പെട്ടവർക്ക് പ്രവേശനം ലഭിക്കും. താല്പര്യമുള്ളവർ ഈ മാസം 20 ന് വൈകുന്നേരം നാലിനകം സെൻററിൽ എത്തണം കൂടുതൽ വിവരങ്ങൾക്ക് 04994256212, 8086474212.

(തുടരും)